ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി,
തിരുവനന്തപുരം

TIME: 06.30 PM DATE:10.09.2025

## പ്രധാനവാർത്ത

1) നേപ്പാളിൽ കുടുങ്ങിക്കിടക്കുന്ന മലയാളികളായ വിനോദസഞ്ചാരികളെ മടക്കിയെത്തിക്കാൻ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ വിദേശകാര്യ മന്ത്രി എസ്.ജയ്ശങ്കറിന് കത്തയച്ചു .

RNUTVPM

2) തിരുവനന്തപുരം വിമാനത്താവളത്തിലെ ഫാസ്റ്റ് ട്രാക്ക് ഇമിഗ്രേഷൻ സംവിധാനം കേന്ദ്ര മന്ത്രി അമിത് ഷാ നാളെ ഓൺലൈനായി ഉദ്ഘാടനം ചെയ്യും.

3) കെ-ടെറ്റ് സംബന്ധിച്ച കോടതിവിധിയിൽ വ്യക്തത വരുത്താൻ സുപ്രീംകോടതിയെ സമീപിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി.

4) സംസ്ഥാനത്ത് രണ്ട് പേർക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്തു. രോഗബാധ മലപ്പുറം, കോഴിക്കോട് ജില്ലകളിൽ.

5) പാലിയേക്കര ടോൾ പ്ലാസയിലെ ടോൾ പിരിവ് നിർത്തിവച്ചത് വീണ്ടും നീട്ടി ഹൈക്കോടതി

RNU TVPM

6) ഏഷ്യാ കപ്പ് ടന്റി -20 ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് യുഎഇയെ നേരിടും.

❁❁❁❁❁❁❁❁❁❁❁❁❁

**മുഖ്യമന്ത്രി-നേപ്പാൾ**

സംഘർഷങ്ങളെ തുടർന്ന് നേപ്പാളിലെ പൊഖാറയിൽ കുടുങ്ങിക്കിടക്കുന്ന മലയാളികളായ വിനോദസഞ്ചാരികളെ സുരക്ഷിതമായി എത്തിക്കാൻ അടിയന്തര

ഇടപെടൽ ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ വിദേശകാര്യ മന്ത്രി എസ്.ജയ്ശങ്കറിന് കത്തയച്ചു . നിലവിലെ അനിഷ്ട സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ഇവർ വീണ്ടുമിവിടെ തുടരുന്നത് ദുഷ്കരമാണെന്ന് കത്തിൽ പറയുന്നു. കേരള സർക്കാരിന്റെ പൂർണ്ണ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമെന്ന് മുഖ്യമന്ത്രി കേന്ദ്രമന്ത്രിയെ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**നേപ്പാൾ സംഘർഷം**

യുവജന പ്രക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ നേപ്പാളിൽ സൈന്യം നാളെ രാവിലെ ആറ് മണി വരെ കർഫ്യൂ പ്രഖ്യാപിച്ചു. കാഠ്മണ്ഡു താഴ്‌വരയുടെ നിയന്ത്രണവും നേപ്പാൾ സൈന്യം ഏറ്റെടുത്തിട്ടുണ്ട്. താഴ്‌വരയിൽ സ്ഥിതി മുൻദിവസത്തെ അപേക്ഷിച്ച് ശാന്തമാണ്. പ്രക്ഷോഭത്തിന്റെ മറവിൽ നടക്കുന്ന കൊള്ളയും, അരാജക പ്രവൃത്തികളും

RNU TVPM

തടയാൻ സമൂഹം ഒന്നടങ്കം സഹകരിക്കണമെന്നും സൈന്യം അഭ്യർത്ഥിച്ചു. സുരക്ഷാ സേനയിൽ നിന്നും തട്ടിയെടുത്ത ആയുധങ്ങൾ പ്രക്ഷോഭകർ അടിയന്തരമായി മടക്കി നൽകണമെന്നും സൈന്യം നിർദ്ദേശിച്ചു. സംഘർഷ സാഹചര്യം നിലനിൽക്കുന്ന പശ്ചാത്തലത്തിൽ നേപ്പാളിലേക്കുള്ള യാത്ര ഒഴിവാക്കണമെന്ന് ഇന്ത്യൻ പൗരന്മാർക്ക് വിദേശകാര്യമന്ത്രാലയം മുന്നറിയിപ്പ് നൽകി. സ്ഥിതിഗതികൾ ശാന്തമാകുന്നതുവരെ നേപ്പാളിലെ ഇന്ത്യൻ പൗരന്മാർ നിലവിലെ താമസ സ്ഥലങ്ങളിൽ തുടരണമെന്നും തെരുവുകളിൽ ഇറങ്ങുന്നത് ഒഴിവാക്കണമെന്നും നിർദേശിച്ചിട്ടുണ്ട്.

RNU TVPM

## ഫാസ്റ്റ് ട്രാക്ക് ഇമിഗ്രേഷൻ

തിരുവനന്തപുരം വിമാനത്താവളത്തിൽ ഇമിഗ്രേഷൻ ക്ലിയറൻസ് പ്രക്രിയ വേഗത്തിലാക്കുന്ന ഫാസ്റ്റ് ട്രാക്ക് ഇമിഗ്രേഷൻ

- ട്രസ്റ്റഡ് ട്രാവലർ പ്രോഗ്രാം കേന്ദ്ര മന്ത്രി അമിത് ഷാ നാളെ വെർച്വലായി ഉദ്ഘാടനം ചെയ്യും.

കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള ബ്യൂറോ ഓഫ് ഇമിഗ്രേഷനാണ് ഇത് നടപ്പിലാക്കുന്നത് . ഇതോടെ യാത്രക്കാർക്ക് ഇമിഗ്രേഷൻ ക്ലിയറൻസ് പ്രക്രിയ സുഗമമാകും. ഡൽഹി, മുംബൈ, കൊച്ചി തുടങ്ങി രാജ്യത്തെ എട്ട് വിമാനത്താവളങ്ങളിൽ നിലവിൽ ഈ സംവിധാനം ലഭ്യമാണ്.

RIJU TVPM

## ശിവൻകുട്ടി എയ്ഡഡ്

KTET സംബന്ധിച്ച കോടതി വിധിയിൽ വ്യക്തത വരുത്താൻ സുപ്രീംകോടതിയെ തന്നെ സമീപിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി. തിരുവനന്തപുരത്ത് അധ്യാപക പുരസ്കാരങ്ങൾ വിതരണം ചെയ്യുകയായിരുന്നു മന്ത്രി. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാൻ അധ്യാപകർ

ശ്രദ്ധിക്കണം. കുട്ടികൾ ഒരു പ്രത്യേക വിഷയത്തിന് തോറ്റാൽ അതിന് ആദ്യ മറുപടി പറയേണ്ടത് ആ വിഷയം പഠിപ്പിക്കുന്ന അധ്യാപകനാണെന്നും മന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## പാലിയേക്കര ടോൾ

ദേശീയപാത 544 ൽ തൃശൂർ പാലിയേക്കര ടോൾ പ്ലാസയിലെ ടോൾ പിരിവ് നിർത്തിവച്ചത് വീണ്ടും നീട്ടി കേരള ഹൈക്കോടതി . ടോൾ പ്ലാസയ്ക്ക് സമീപം മണ്ണുത്തി-ഇടപ്പള്ളി പാതയിൽ 12 മണിക്കൂർ നീണ്ട ഗതാഗതക്കുരുക്കിനെ തുടർന്നാണ് ടോൾ നിർത്തിവയ്ക്കാനുള്ള പ്രാരംഭ ഉത്തരവ് കോടതി പുറപ്പെടുവിച്ചത്. കോടതിയുടെ നിർദ്ദേശപ്രകാരം രൂപീകരിച്ച ഇടക്കാല ഗതാഗത മാനേജ്മെന്റ് കമ്മിറ്റി ചൂണ്ടിക്കാണിച്ച പ്രശ്നങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കോടതി ദേശീയ പാത അതോറിറ്റിയോട് നിർദ്ദേശിച്ചു.

RNU TVPM

റിപ്പോർട്ട് ജില്ലാ കളക്ടർ പരിശോധിക്കുന്നതുവരെ ടോൾ പിരിവ് താൽക്കാലികമായി നിർത്തിവയ്ക്കുന്നത് തുടരും.

❁❁❁❁❁❁❁❁❁❁❁❁❁

## അമീബിക് മസ്തിഷ്ക ജ്വരം

സംസ്ഥാനത്ത് രണ്ട് പേർക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്തു. മലപ്പുറം സ്വദേശിയായ പത്ത് വയസ്സ് ഉള്ള കുട്ടിക്കും കോഴിക്കോട് സ്വദേശിക്കുമാണ് പുതുതായി രോഗം സ്ഥിരീകരിച്ചത്. നിലവിൽ 11 പേരാണ് ചികിൽസയിലുള്ളത്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## അക്കൗണ്ടുകൾ തടയാനുള്ള കർശന പരിശോധന (ഇൻട്രോ)

വാടക ബാങ്ക് അക്കൗണ്ടുകൾ തടയാനുള്ള കർശന പരിശോധനയ്ക്ക് സംസ്ഥാനത്തെ ബാങ്കുകളിൽ തുടക്കം

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി..**

**(വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

❁❁❁❁❁❁❁❁❁❁❁❁❁

**ജി എസ് ടി-വിദ്യാഭ്യാസ മേഖല**

ജിഎസ്.ടി ഘടനാ പരിഷ്കരണം രാജ്യത്തെ വിദ്യാഭ്യാസ മേഖലയ്ക്ക് ഏറെ പ്രയോജനം ചെയ്യുമെന്ന് കേന്ദ്രസർക്കാർ. പെൻസിൽ, ക്രയോൺസ്, ഗ്രാഫ് ബുക്ക്, ഭൂപടം, ചാർട്ട് തുടങ്ങിയവയുടെ 12 ശതമാനമായിരുന്ന ജി എസ് ടി നിരക്ക് പൂർണമായും ഒഴിവാക്കിയിട്ടുണ്ട്. സ്റ്റേഷനറി വസ്തുക്കളെ ജി എസ് ടിയിൽ നിന്ന് ഒഴിവാക്കിയത് വിദ്യാഭ്യാസ മേഖലയ്ക്ക്

RNUTVPM

ഏറെ ഗുണകരമാകും. പുതുക്കിയ നിരക്കുകൾ ഈ മാസം 22 മുതൽ പ്രാബല്യത്തിൽ വരും.

❁❁❁❁❁❁❁❁❁❁❁❁❁

**കെ എൻ ബാലഗോപാൽ ജിഎസ്ടി**

ലോട്ടറിയുടെ ജിഎസ്ടി വർധനയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ധനകാര്യ മന്ത്രി കെ എൻ ബാലഗോപാൽ ലോട്ടറി വിൽപനക്കാരുടെയും ഏജന്റുമാരുടെയും സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തി. പുതിയ ജിഎസ്ടി നിരക്ക് പരിഷ്കരണം അനുസരിച്ച് കേരള സർക്കാർ നടത്തുന്ന പേപ്പർ ലോട്ടറിയെ ചൂതാട്ടത്തിനും കസിനോകൾക്കും മറ്റുമായി നിശ്ചയിച്ചിട്ടുള്ള 40 ശതമാനം നികുതി പട്ടികയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രതിസന്ധി മറികടക്കാനുള്ള കാര്യങ്ങളിലെ അഭിപ്രായ രൂപീകരണത്തിനായാണ് ചർച്ച നടന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

RNUTVPM

**മനുഷ്യ വന്യജീവി സംഘർഷം(ഇൻട്രോ)**

മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി വനം വകുപ്പ് ഈ മാസം 16 മുതൽ സംസ്ഥാന തലത്തിൽ തീവ്രയജ്ഞ പ്രവർത്തനങ്ങൾക്ക് ൻ ഒരുങ്ങുന്നു. മൂന്ന് ഘട്ടങ്ങളിലായി നടക്കുന്ന പരിപാടി അടുത്തമാസം 30 ന് സമാപിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്....**

**(ഹോൾഡ്)**

❁❁❁❁❁❁❁❁❁❁❁❁❁

**കെ.എസ്.എഫ്.ഇ - സ്വദേശ് സമ്മാൻ**

സംസ്ഥാന സർക്കാർ സ്ഥാപനമായ കെ.എസ്.എഫ്.ഇ ക്ക് 'സ്വദേശ് സമ്മാൻ' ദേശീയ പുരസ്കാരം. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടന്ന ആറാമത് സ്വദേശി കോൺക്ലേവിൽ കേന്ദ്ര മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത് പുരസ്ക്കാരം

RNU TVPM

കൈമാറി. വിവിധ മേഖലകളിൽ മികച്ച സംഭാവനകൾ നൽകിയ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ലഭിക്കുന്ന ദേശീയ ബഹുമതിയാണിത്.

❁❁❁❁❁❁❁❁❁❁❁❁❁

## ആർമി റിക്രൂട്ട്മെന്റ് റാലി

ആർമി റിക്രൂട്ട്മെന്റ് റാലിക്ക് ഇടുക്കി നെടുങ്കണ്ടത്ത് തുടക്കം . തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലെ ഉദ്യോഗാർഥികൾക്കായാണ് ഈ മാസം 16 വരെ നീളുന്ന റിക്രൂട്ട്മെന്റ് റാലി നടത്തുന്നത്. എഴുത്തു പരീക്ഷ വിജയിച്ച് റാങ്ക് ലിസ്റ്റിൽ ഇടം നേടിയ 3102 ഉദ്യോഗാർഥികളാണ് നെടുങ്കണ്ടം പഞ്ചായത്ത് സിന്തറ്റിക് സ്റ്റേഡിയത്തിൽ നടക്കുന്ന റാലിയിൽ പങ്കെടുക്കുന്നത്.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

## തമ്പുരാൻ കഥകളി മഹോത്സവം (ഇൻട്രോ)

മൂന്നാമത് കോട്ടയത്ത് തമ്പുരാൻ കഥകളി മഹോത്സവം ഈ മാസം 13 ന് കണ്ണൂർ മുഴക്കുന്ന് മൃദംഗശൈലേശ്വരി ക്ഷേത്രത്തിൽ ആരംഭിക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ...**

**(വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁

**ഏഷ്യാ കപ്പ് ട്വന്റി -20**

RNUTVPM

ഏഷ്യാ കപ്പ് ട്വന്റി -20 ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് യുഎഇയെ നേരിടും. ദുബായ് ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് മത്സരം.

❁❁❁❁❁❁❁❁❁❁❁❁❁

**ഓഹരി/സ്വർണം**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 323 പോയിന്റ് ഉയർന്ന് 81,425 ലും ദേശീയ

ഓഹരി സൂചിക നിഫ്റ്റി 104 പോയിന്റ് നേട്ടത്തിൽ 24,973 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ വില കൂടി. പവന് 160 രൂപ വർധിച്ച് 81,040 രൂപയും ഗ്രാമിന് 10,130 രൂപയുമാണ് ഇന്നത്തെ വില.

❁❁❁❁❁❁❁❁❁❁❁❁❁

**മഴ**

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ അടുത്ത അഞ്ച് ദിവസം ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് .ഇന്ന് പത്തനംതിട്ട, എറണാകുളം,ഇടുക്കി,പാലക്കാട്, മലപ്പുറം ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

**രാജ്യാന്തര മാധ്യമോത്സവം**

കേരള മീഡിയ അക്കാദമിയുടെ രാജ്യാന്തര മാധ്യമോത്സവം ഈ മാസം 30 മുതൽ

ഒക്ടോബർ 2വരെ തിരുവനന്തപുരത്ത് നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കും. ഫെസ്റ്റിവൽ ലോഗോ പ്രകാശനം മുഖ്യമന്ത്രിയുടെ മാധ്യമ ഉപദേഷ്ടാവായ
പ്രഭാവർമ്മ തിരുവനന്തപുരത്ത്
നിർവഹിച്ചു.ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെയും കേരള പത്രപ്രവർത്തക യൂണിയന്റെയും സഹകരണത്തോടെയാണ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്. പി.എൻ.

RNU TVPM

RNU TVPM